7. Walk way

8. Entrance Gate

9. Car Parking area

10. Repair and modification of existing road

(സി) പ്രസ്തുത പദ്ധതി 3 മാസത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

ഉത്സവത്തിന് ടൂറിസം വകുപ്പിന്റെ ഗ്രാന്റ്

331 (1029) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര, ചെട്ടിക്കുളങ്ങര കുംഭ ഭരണി മഹോത്സവത്തിന് ടൂറിസം വകുപ്പിന്റെ ഗ്രാന്റ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ.-മാർ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടൂറിസം വകുപ്പ് പ്രസ്തുത ഗ്രാന്റ് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഫയൽ നമ്പർ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഫണ്ടിന്റെ ലഭ്യത പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

332 (1030) ശ്രീ. വർക്കല കഹാർ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടങ്ങളിൽ പ്രസ്തുത പദ്ധതികളുമായി സമന്വയിപ്പിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾക്കായി എത്രയുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി മണ്ഡലത്തിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഭരണാനുമതി നൽകിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസികളുമായി സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതു കൂടാതെ പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുവാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും ജില്ലാ ഓഫീസുകൾ ശക്തമാക്കുന്നതിനുംവേണ്ടി LBS മുഖേന മോണിറ്ററിംഗ് സിസ്റ്റം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.

ഏഴാറ്റുമുഖം പ്രകൃതിഗ്രാമത്തെയും ഇന്നുർമുഴിയെയും ബന്ധിപ്പിക്കുന്ന തൂക്കുപാലത്തിന്റെ നിർമ്മാണം

333 (1031) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നാക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തെയും ചാലക്കുടി അതിരപ്പിള്ളിയിലുള്ള ഇന്നുർമുഴിയെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 4.97 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച തൂക്കുപാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കരാർ പ്രകാരം എന്നാണ് പൂർത്തിയാക്കേണ്ടിയിരുന്നത് ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ ;

---

* മേശപ്പുറത്തിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly